പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം.*283 | 20/06/2018-ൽ മറുപടിക്ക്

## ആശുപത്രികളുടെ സേവന നിലവാര നിർണ്ണയ സംവിധാനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കാരാട്ട് റസാഖ്<br>ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ.ബി.ഡി. ദേവസ്സി<br>ശ്രീ.കെ.ഡി. പ്രസേനൻ** | | **കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ഏതൊക്കെ ആശുപത്രികൾക്കാണ് കേന്ദ്ര സർക്കാരിന്റെ നാഷണൽ ക്വാളിറ്റി അക്രഡിറ്റേഷൻ പുരസ്കാരം ലഭിച്ചതെന്ന് അറിയിക്കാമോ ; | എ) | ഈ വർഷം കേന്ദ്ര സർക്കാരിന്റെ നാഷണൽ ക്വാളിറ്റി അക്രഡിറ്റേഷൻ പുരസ്കാരം ലഭിച്ച സർക്കാർ ആശുപത്രികൾ ചുവടെ ചേർത്തിരിക്കുന്നു.<br>1. താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, പുനലൂർ, കൊല്ലം<br>2. സി.എച്ച്.സി പണ്ടപ്പള്ളി, എറണാകുളം<br>3. പി.എച്ച്.സി നർക്കലക്കാട്, കാസർഗോഡ്<br>4. പി.എച്ച്.സി, ചിറ്റാരിക്കൽ, കാസർഗോഡ്<br>5. ജനറൽ ഹോസ്പിറ്റൽ, എറണാകുളം. |
| ബി) | സർക്കാർ ആശുപത്രികളുടെ സേവന നിലവാര നിർണ്ണയത്തിനായുള്ള കേരള അക്രഡിറ്റേഷൻ സ്റ്റാൻഡേർഡ്സ് ഫോർ ഹോസ്പിറ്റൽസ് (കാഷ്) എത്ര ആശുപത്രികൾക്ക് ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; സ്വകാര്യ ആശുപത്രികളുടെ നിലവാര നിർണ്ണയത്തിനായി എന്ത് സംവിധാനമാണുള്ളതെന്ന് അറിയിക്കാമോ; | ബി) | കേരള അക്രഡിറ്റേഷൻ സ്റ്റാൻഡേർഡ്സ് ഫോർ ഹോസ്പിറ്റൽസ് (കാഷ്) ലഭിച്ചിട്ടുള്ള ആശുപത്രികളുടെ **പട്ടിക അനുബന്ധമായി** ചേർത്തിരിക്കുന്നു. സ്വകാര്യ ആശുപത്രിയുടെ നിലവാര നിർണ്ണയത്തിനായി നിലവിൽ സർക്കാർ തലത്തിൽ സംവിധാനങ്ങളൊന്നുമില്ല. സർക്കാർ, സ്വകാര്യ ആശുപത്രികൾ, ലാബോറട്ടറികൾ എന്നിവയെ നിയന്ത്രിക്കുകയും അവയെ ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ സേവനം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ അലോപ്പതി. ആയുർവേദം, ഹോമിയോ തുടങ്ങിയ എല്ലാ ചികിത്സാ സമ്പ്രദായങ്ങളിലുമുള്ള സ്ഥാപനങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് ആശുപത്രികളെയും ലാബോറട്ടറികളെയും നിയന്ത്രിക്കാനുള്ള കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് നിയമസഭ പാസ്സാക്കിയിട്ടുണ്ട്. ഇതിന്റെ ചട്ടങ്ങൾ |

| | | | |
|---|---|---|---|
| | | | രൂപീകരിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. |
| സി) | സർക്കാർ ആശുപത്രികളിൽ ആവശ്യത്തിന് മെഡിക്കൽ, പാരാ മെഡിക്കൽ ജീവനക്കാർ ഉണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് സാധ്യമായിട്ടുണ്ടോ; സർക്കാർ ആശുപത്രികളിലെ തിരക്ക് പരിഗണിച്ച് കൂടുതൽ ഡോക്ടർമാരെയും മറ്റ് സഹായ ജീവനക്കാരെയും നിയമിക്കുന്ന കാര്യം പരിഗണിക്കുമോ; | സി) | സർക്കാർ ആശുപത്രികളിലെ തിരക്ക് പരിഗണിച്ച് കൂടുതൽ ഡോക്ടർമാരെയും പാരാ മെഡിക്കൽ ജീവനക്കാരെയും ആവശ്യാനുസരണം നിയമിക്കാറുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജീവനക്കാരുടെ കുറവ് പരിഗണിച്ച് മെഡിക്കൽ കോളേജുകളിലും മറ്റ് സർക്കാർ ആശുപത്രികളിലും ഡോക്ടർമാരുടെയും സഹായ ജീവനക്കാരുടെയും തസ്തികകൾ കൂടുതലായി സൃഷ്ടിച്ചിട്ടുണ്ട്. കേരള പി.എസ്.സി വഴിയുള്ള ഡോക്ടർമാരുടെ നിയമനം നടന്നുവരുന്നു. മഴക്കാല രോഗങ്ങളും മറ്റ് പകർച്ച വ്യാധികളും ഉണ്ടാകുന്ന അവസരങ്ങളിൽ ജില്ലാ മെഡിക്കൽ ആഫീസർമാർ മുഖാന്തിരം ഫാർമസിസ്റ്റ്മാർ ഉൾപ്പെടെ മറ്റ് സഹായ ജീവനക്കാരെയും നിയമിക്കാറുണ്ട്. ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക ഒഴികെയുള്ള ഫീൽഡ് വിഭാഗം ജീവനക്കാരുടെ ഒഴിവുകൾ യഥാസമയം നികത്തിവരുന്നുണ്ട്. ഫിസിയോ തെറാപ്പിസ്റ്റ്, സൈക്യാട്രിക് സോഷ്യൽ വർക്കർ തുടങ്ങിയ തസ്തികകളിൽ പി.എസ്സ്.സി റാങ്ക് ലിസ്റ്റ് നിലവിൽ ഇല്ല. ആർദ്രം മിഷന്റെ ഭാഗമായി തിരഞ്ഞെടുത്ത കുടുംബാരോഗ്യ കേന്ദ്രങ്ങളിലും മറ്റ് സർക്കാർ ആശുപത്രികളിലും പുതിയ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തി വരുന്നുണ്ട്. ദേശീയ ആരോഗ്യ ദൗത്യം വഴി കേരളത്തിലെ എല്ലാ ജില്ലകളിലും മെഡിക്കൽ പാരാമെഡിക്കൽ ജീവനക്കാരെ കരാർ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. |
| ഡി) | ആവശ്യമായ മെഡിക്കൽ ഉപകരണങ്ങളുടെ ലഭ്യതയും അവയുടെ ശരിയായ വിനിയോഗവും പരിപാലനവും ഉറപ്പ വരുത്തുന്നതിനുള്ള നടപടികൾ വ്യക്തമാക്കുമോ? | ഡി) | വർഷാവർഷം കേരളത്തിലെ ഓരോ ആശുപത്രിയും അവരവർക്ക് ആവശ്യമായ ഉപകരണങ്ങളുടെ പട്ടിക തയ്യാറാക്കി ആരോഗ്യ വകുപ്പ് ഡയറക്ടറെ അറിയിക്കുകയും പ്രസ്തുത പട്ടിക അംഗീകരിച്ചതിന് ശേഷം ദർഘാസ് നടത്തി വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകുകയും ചെയ്യുന്നു. ഈ ഉപകരണങ്ങളെല്ലാം കോർപ്പറേഷൻ ദർഘാസ് ക്ഷണിക്കുകയും വിതരണ ഉത്തരവ് നൽകി അതാത് ആശുപത്രികളിൽ സ്ഥാപിക്കുകയും ചെയ്യുന്നു. കൂടാതെ കോർപ്പറേഷന്റെ ദർഘാസുകൾ റണ്ണിംഗ് |

| | | | |
|---|---|---|---|
| | | | കോൺട്രാക്ട് ആയാണ് ക്ഷണിക്കപ്പെടുന്നത്. അതുകൊണ്ട് റണ്ണിംഗ് കോൺട്രാക്ട് ലിസ്റ്റിൽ ഉള്ള ഉപകരണങ്ങൾക്ക് ആശുപത്രികൾക്ക് നേരിട്ട് വിതരണ ഉത്തരവ് അതാത് കമ്പനികൾക്ക് നൽകാവുന്നതാണ്. 2016 സെപ്റ്റംബർ മുതൽ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിലുള്ള ആശുപത്രികളിലെ എല്ലാ ആശുപത്രി ഉപകരണങ്ങളും ബയോ മെഡിക്കൽ എക്യൂപ്മെന്റ് മെയിന്റനൻസ് പദ്ധതി പ്രകാരം ഒരു സ്വകാര്യ കമ്പനി (മെസ്സേഴ്സ് കിർലോസ്കർ ടെക്നോളജിസ് പ്രൈവറ്റ് ലിമിറ്റഡ്) ആണ് നിർവഹിക്കുന്നത്. ഇതുവഴി എല്ലാ ഉപകരണങ്ങളുടെയും കേടുപാടുകൾ തീർക്കുന്നതിനും അവയുടെ പ്രിവന്റീവ് മെയിന്റനൻസ് നടത്തുന്നതിനും കാലിബ്രേഷൻ നടത്തുന്നതിനും ഈ കമ്പനിയുടെ സേവനം ഉപയോഗപ്പെടുത്തുവാൻ സാധിക്കുന്നു. അതുമൂലം ആശുപത്രിയിലെ എല്ലാ ഉപകരണങ്ങളുടെയും തടസ്സമില്ലാത്ത പ്രവർത്തനം ഉറപ്പുവരുത്തുവാൻ സാധിക്കുന്നു. കൂടാതെ ആശുപത്രികൾക്ക് ഉപകരണങ്ങൾ കേടായാൽ വിളിച്ചറിയിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന ടോൾഫ്രീ സംവിധാനവും നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## കേരള അക്രഡിറ്റേഷൻ സ്റ്റാൻഡേർഡ്സ് ഫോർ ഹോസ്പിറ്റൽസ് (കാഷ്) ലഭിച്ചിട്ടുള്ള ആശുപത്രികളുടെ പട്ടിക

1). ഡബ്യ്യൂ & സി. ആശുപത്രി - ആലപ്പുഴ

2). താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ - പാറശ്ശാല, തിരുവനന്തപുരം

3). താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ താമരശ്ശേരി, കോഴിക്കോട്

4). താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ പുനലൂർ, കൊല്ലം

5). സി.എച്ച്.സി മണമ്പൂർ - തിരുവനന്തപുരം

6). സി.എച്ച്.സി വെള്ളറട, തിരുവനന്തപുരം

7). സി.എച്ച്.സി - പപ്പള്ളി, എറണാകുളം

8). സി.എച്ച്.സി - എടിയിരിക്കപ്പുഴ, കോട്ടയം

9). സി.എച്ച്.സി - -മുഹമ്മ , ആലപ്പുഴ

10). പി.എച്ച്.സി കൊല്ലയിൽ, തിരുവനന്തപുരം

11). പി.എച്ച്.സി ചെമ്മരുതി, തിരുവനന്തപുരം

12).പി.എച്ച്.സി മംഗലപുരം, തിരുവനന്തപുരം

13).പി.എച്ച്.സി അറക്കുളം, ഇടുക്കി

14). പി.എച്ച്.സി വട്ടിയൂർക്കാവ്, തിരുവനന്തപുരം

15). പി.എച്ച്.സി ചെങ്കൽ, തിരുവനന്തപുരം

16). പി.എച്ച്.സി കീഴാറ്റിങ്ങൽ, തിരുവനന്തപുരം

17). പി.എച്ച്.സി കരാവാളൂർ, കൊല്ലം

18). പി.എച്ച്.സി പാിക്കാട്, മലപ്പുറം

19). പി.എച്ച്.സി മണലൂർ, തൃശ്ശൂർ

20). പി.എച്ച്.സി തിരുവമ്പാടി, കോഴിക്കോട്

21). പി.എച്ച്.സി വാളകം, എറണാകുളം

22). പി.എച്ച്.സി പാലോട്, തിരുവനന്തപുരം

23). പി.എച്ച്.സി പുറക്കാട്, ആലപ്പുഴ

24). പി.എച്ച്.സി ന്യൂമാഹി, കണ്ണൂർ

25). പി.എച്ച്.സി തിരുനാവായ, മലപ്പുറം

26). പി.എച്ച്.സി നർക്കലക്കാട്, കാസർഗോഡ്

27). താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, ചാലക്കുടി

28). പി.എച്ച്.സി മൂടാടി, കോഴിക്കോട്

29). പി.എച്ച്.സി പനങ്ങാട്, കോഴിക്കോട്

30). യു.പി.എച്ച്.സി മൈതാനപ്പള്ളി, കണ്ണൂർ

31). പി.എച്ച്.സി അമരമ്പലം, മലപ്പുറം

32). സി.എച്ച്.സി മുട്ടം, ഇടുക്കി

33).റ്റി.എസ്.എച്ച് കോട്ടത്തറ, പാലക്കാട്

34).സി.എച്ച്.സി പനത്തടി, കാസർഗോഡ്

35). പി.എച്ച്.സി ചിറ്റാരിക്കൽ, കാസർഗോഡ്

36). പി.എച്ച്.സി മുത്തോലി, കോട്ടയം

37). എഫ്.എച്ച്.എസ്.സി കാഞ്ചിയാർ, ഇടുക്കി

38). പി.എച്ച്.സി കുടയത്തൂർ, ഇടുക്കി

നോഡൽ ഓഫീസർ